# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഭാ ജീവനക്കാരുടെ പി.എഫ്.ക്രഡിറ്റ് കാർഡ് സമയബന്ധിതമായി നൽകുന്നതിന് 5 (അഞ്ച്) ജീവനക്കാരെ 3 (മൂന്ന്) മാസത്തേയ്ക്ക് നഗരകാര്യ വകുപ്പിലെ പ്രോവിഡന്റ് ഫണ്ട് വിഭാഗത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 1740/2017/തസ്വഭവ　　　　　　　　തീയതി, തിരുവനന്തപുരം: 26/05/2017

പരാമർശം : 1) ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09/03/2017 ൽ നഗരസഭാ മേഖലയിലെ വിവിധ സംഘടന പ്രതിനിധികളുമായി നടന്ന യോഗം.

2) നഗരകാര്യ ഡയറക്ടറുടെ 23/03/2017 തീയതിയിലെ പി.എഫ് 2/9908/2015 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ നഗരസഭകളിലെ ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച്, നഗരസഭാ മേഖലയിലെ വിവിധ സംഘടനാ പ്രതിനിധികളുമായി ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പരാമർശം (1) പ്രകാരം നടന്ന യോഗത്തിൽ, നഗരസഭാ ജീവനക്കാരുടെ പി.എഫ്.ക്രഡിറ്റ് കാർഡ് അനുവദിച്ച് വരുന്നില്ലായെന്നും ആയത് ജീവനക്കാർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംഘടനാ പ്രതിനിധികൾ ആവശ്യം ഉന്നയിക്കുകയുണ്ടായെന്നും, പി.എഫ്.ക്രഡിറ്റ് കാർഡ് നൽകുന്നതിന് പി.എഫ്.വിഭാഗത്തിലെ ജീവനക്കാരുടെ കുറവ് കാരണം പി.എഫ്.വിഹിതം / ഡിഎ / പി ആർ അരിയർ ഒടുക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിലും, ഐ.കെ.എം തയ്യാറാക്കിയിട്ടുള്ള സ്ഥാപന സേഫ്റ്റ് വെയറിലും രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലായെന്നും നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായെന്നും, ഈ സാഹചര്യത്തിൽ നഗരസഭാ ജീവനക്കാരുടെ പി.എഫ്.ക്രഡിറ്റ് കാർഡ് മൂന്നു മാസത്തിനകം തയ്യാറാക്കി സ്ഥാപന സോഫ്റ്റ് വെയറിൽ ലഭ്യമാക്കേണ്ടതാണെന്നും, ആയതിലേയ്ക്കായി ഡാറ്റാ എൻട്രിയിലുള്ള പരിജ്ഞാനവും ബിരുദവും യോഗ്യതയുള്ള ജീവനക്കാരെ കുടുംബശ്രീയിൽ നിന്നും നിയോഗിച്ച് പ്രസ്തുത വിഷയത്തിന്മേൽ നടപടി സ്വീകരിക്കണമെന്ന ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, നഗരസഭാ ജീവനക്കാരുടെ പി.എഫ്.ക്രഡിറ്റ് കാർഡ് സമയബന്ധിതമായി നൽകുന്നതിന് 5 (അഞ്ച്) ജീവനക്കാരെ

3 (മൂന്ന്) മാസത്തേയ്ക്ക് നഗരകാര്യ വകുപ്പിലെ പ്രോവിഡന്റ് ഫണ്ട് വിഭാഗത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സൂചന (2) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ കത്തും പ്രസ്തുത വിഷയത്തിന്റെ അടിയന്തിര പ്രാധാന്യവും പരിഗണിച്ച് സംസ്ഥാനത്തെ നഗരസഭാ ജീവനക്കാരുടെ പി.എഫ്.ക്രഡിറ്റ് കാർഡ് സമയബന്ധിതമായി നൽകുന്നതിന് കുടുംബശ്രീയിൽ നിന്നും 5 (അഞ്ച്) ജീവനക്കാരെ (ഡാറ്റാ എൻട്രിയിലുള്ള പരിജ്ഞാനവും ബിരുദവും യോഗ്യതയുള്ളവർ) 3 (മൂന്ന്) മാസത്തേയ്ക്ക് നഗരകാര്യ വകുപ്പിലെ പ്രോവിഡന്റ് ഫണ്ട് വിഭാഗത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
എസ്.മോഹൻദാസ്
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ